# കേരള ലളിതകലാ അക്കാദമി, തൃശൂർ

ഹെഡ് ഓഫീസ് : ഫോൺ : 0487-2333773

**ആർട്ട് ഗ്യാലറി, കോഴിക്കോട്**

ഫോൺ : 0495-2723352

**ഗ്യാലറി ബുക്ക് ചെയ്യുന്നതിനുള്ള അപേക്ഷാഫോറം**

1. പ്രദർശനം നടത്തുന്നതിന് ആവശ്യമുള്ള ഗ്യാലറി ഭാഗം (ആവശ്യമുള്ളത് ✔ ചെയ്യുക) : A B C D E

2. ബുക്കിംഗ് ആവശ്യമുള്ള തീയതികൾ/ദിവസങ്ങൾ :

3. പ്രദർശിപ്പിക്കുന്ന കലാവസ്തുക്കളുടെ എണ്ണം (ഏകദേശം) :

4. പ്രദർശിപ്പിക്കുന്ന കലാവസ്തുവിന്റെ സ്വഭാവം/മാദ്ധ്യമം :

5. പ്രദർശിപ്പിക്കപ്പെടുന്ന കലാവസ്തുക്കളുടെ രചയിതാവ്/രചയിതാക്കൾ :

6. പ്രദർശനം സംഘടിപ്പിക്കുന്ന ആളിന്റെ/സംഘടനയുടെ/സ്ഥാപനത്തിന്റെ പേരും വിലാസവും (പിൻകോഡും ഫോൺനമ്പറും സഹിതം) :

***ഗ്യാലറി അനുവദിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ***

1. കോഴിക്കോട് ആർട്ട് ഗ്യാലറി സമുച്ചയത്തിലെ ഗ്യാലറികൾ വാടകക്ക് ഏറ്റവും കുറഞ്ഞത് അഞ്ച് ദിവസത്തേയ്ക്ക് മാത്രമേ അനുവദിക്കുകയുള്ളൂ.

2. പ്രദർശന സമയം രാവിലെ 11.00 മുതൽ വൈകീട്ട് 7.00 മണി വരെയാണ്.

3. അക്കാദമി ഹെഡ് ഓഫീസിൽ നിന്നും ഗ്യാലറി ലഭ്യത ഉറപ്പു വരുത്തിയതിനുശേഷം അപേക്ഷകർ അപേക്ഷ ഒരാഴ്ചയ്ക്കകം അയയ്ക്കേണ്ടതാണ്. അക്കാദമിയിൽ നിന്ന് ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം മുഴുവൻ ഗ്യാലറി വാടകയും, പ്രദർശന ദിവസത്തിന് മുൻപ് ഡെപ്പോസിറ്റ് തുകയും അടയ്ക്കേണ്ടതാണ്. പ്രദർശനം റദ്ദാക്കുന്നവർക്ക് സംഖ്യ തിരികെ നൽകുന്നതല്ല. ഗ്യാലറി വാടക അടച്ചതിന് ശേഷം ബുക്കിംഗ് തീയതി മാറ്റുന്നതിന് അനുവദിക്കുകയില്ല. ഗ്യാലറിക്കോ ഗ്യാലറിയിലെ സാധന സാമഗ്രികൾക്കോ എന്തെങ്കിലും കേടുപാടുകൾ വരുത്തുന്ന പക്ഷം നഷ്ടപരിഹാരം ഡെപ്പോസിറ്റ് തുകയിൽ നിന്നും ഈടാക്കുന്നതാണ്. പ്രദർശനവസ്തുക്കൾ ഗ്യാലറിയിൽ നിന്ന് തിരിച്ചെടുത്തതിനുശേഷം മാത്രമെ ഡെപ്പോസിറ്റ് തിരികെ നൽകൂ.

(P.T.O)

4. അക്കാദമിയുടെ പരിപാടികളോ മറ്റ് സർക്കാർ നിർദ്ദേശിക്കുന്ന പരിപാടികളോ ഈ ഗ്യാലറിയിൽ നടത്തേണ്ട ആവശ്യം വരികയാണെങ്കിൽ ബുക്കിംഗ് റദ്ദാക്കുവാനോ തീയതിയിൽ മാറ്റം വരുത്താനോ അക്കാദമി സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കും.

5. ഓഫീസിന്റെ പ്രവർത്തനത്തിന് തടസ്സമാകുന്ന വിധത്തിൽ സംഗീതോപകരണങ്ങൾ പ്രവർത്തിപ്പിക്കാനോ, ഗ്യാലറിക്കുള്ളിൽ സമ്മേളനമോ ചായസൽക്കാരമോ നടത്തുവാൻ പാടുള്ളതല്ല. ഗ്യാലറിയ്ക്കുള്ളിൽ ചിത്രങ്ങൾ/ശില്പങ്ങൾ ഒഴികെ ഒന്നും തന്നെ വയ്ക്കുവാൻ പാടില്ല. ചുമരിൽ സ്റ്റിക്കറോ, ടേപ്പോ ഒട്ടിക്കാൻ പാടില്ല. ഗ്യാലറിയുടെ ഗേറ്റിന് കുറുകെ ബാനർ കെട്ടുവാൻ പാടില്ല. അക്കാദമി നടത്തുന്ന പ്രോഗ്രാമുകളുടെ ബാനറുകൾ മാത്രമെ ഗേറ്റിന് കുറുകെ കെട്ടുവാൻ അനുവദിക്കുകയുള്ളൂ. ഒരു പ്രദർശനത്തിന് ഒരു ബാനർ മാത്രമെ മുൻവശത്ത് കെട്ടുവാൻ പാടുള്ളൂ. ഗ്യാലറിയുടെ കോമ്പൗണ്ടിൽ ബാനറുകളോ കൊടി തോരണങ്ങളോ അനുവദിക്കുന്നതല്ല.

6. ഗ്യാലറിയിൽ നിലവിലുള്ള സജ്ജീകരണങ്ങൾക്ക് യാതൊരു വ്യതിയാനവും വരുത്തുവാൻ അനുവദിക്കുന്നതല്ല. ഗ്യാലറി ഉദ്യോഗസ്ഥന്റെ അനുവാദത്തോടെ ഗ്യാലറി ജീവനക്കാർ മാത്രമെ ലൈറ്റുകളുടെ ദിശ മാറ്റാൻ പാടുള്ളൂ. ഒരു പ്രദർശനത്തിന് ഒരു പ്രാവശ്യം മാത്രമെ ലൈറ്റുകളുടെ ദിശകൾ മാറ്റാൻ അനുവദിക്കൂ. അനുനിമിഷം അഭിപ്രായത്തിനനുസരിച്ച് ലൈറ്റുകളുടെ ദിശ മാറ്റം വരുത്തുവാൻ അനുവദിക്കുന്നതല്ല.

7. അവധി ദിവസങ്ങളിൽ ഗ്യാലറി ഉപയോഗിക്കുന്നവർ ഒരു അക്കാദമി ഉദ്യോഗസ്ഥന്റെ പകൽ സമയത്തെ സേവനത്തിന് 100/- രൂപ അധികവേതനമായി നൽകേണ്ടതാണ്.

8. ഹെഡ് ഓഫീസുമായി ബന്ധപ്പെട്ട് ഗ്യാലറിയുടെ ലഭ്യത ഉറപ്പ് വരുത്തിയശേഷം അപേക്ഷാ ഫോറം, പൂരിപ്പിച്ച് 'സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശൂർ – 680 020' എന്ന മേൽ വിലാസത്തിൽ ഒരാഴ്ചയ്ക്കകം അയയ്ക്കേണ്ടതാണ്.

9. ഗ്യാലറിയിൽ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന രീതിയിൽ മാറ്റം വന്നിരിക്കുന്നതിനാൽ ഗ്യാലറി നേരിൽ കണ്ട് പ്രദർശന രീതി ഉറപ്പ് വരുത്തേണ്ടതാണ്. ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിന് അധികം സമയം കണ്ടത്തേണ്ടതുണ്ട്. ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിന് (ഡിസ്പ്ലേയ്ക്ക്) പകൽ സമയം മാത്രമെ അനുവദിക്കുകയുള്ളൂ. രാത്രി 7.00 മണിക്ക് ശേഷം ഗ്യാലറി അനുവദിക്കുന്നതല്ല.

മേൽ പറഞ്ഞ നിബന്ധനകൾ ഞാൻ സമ്മതിച്ചിരിക്കുന്നു.

സ്ഥലം : അപേക്ഷകന്റെ ഒപ്പ്

തീയതി : പേരും മേൽവിലാസവും

മേൽ പറഞ്ഞ തീയതികളിൽ ഗ്യാലറി അനുവദിക്കുന്നു / അപേക്ഷ തിരസ്ക്കരിക്കുന്നു.

**മാനേജർ** **സെക്രട്ടറി**

| ആർട്ട് ഗ്യാലറി, കോഴിക്കോട് | | | ഗ്യാലറി വാടക | ഡെപ്പോസിറ്റ് |
|---|---|---|---|---|
| താഴത്തെ നില | "A" | ഗ്യാലറി | 300 | 600 |
| താഴത്തെ നില | "B" | ഗ്യാലറി | 300 | 600 |
| താഴത്തെ നില | "C" | ഗ്യാലറി | 200 | 400 |
| ഒന്നാം നില | "D" | ഗ്യാലറി | 300 | 600 |
| ഒന്നാം നില | "E" | ഗ്യാലറി | 300 | 600 |